# മയക്കുമരുന്നുകൾ മൂലമുള്ള രോഗങ്ങൾ

**(Psycho Active Substance use Disorders)**

ഡോ. പി.എൻ. സുരേഷ്കുമാർ
പ്രൊഫസർ ഓഫ് സൈക്യാട്രി
കെ.എം.സി.ടി. മെഡിക്കൽ കോളേജ്
കോഴിക്കോട്

അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന മയക്കുമരുന്നിന്റെ ഉപയോഗം ആരോഗ്യരംഗത്ത് മാരകമായ ഒരു വിപത്തായി മാറിയിരിക്കുന്നു. മയക്കുമരുന്നിനോടുള്ള അടിമത്തം വ്യക്തിക്കും കുടുംബത്തിനും മാത്രമല്ല നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നത്, അത് സമൂഹത്തിന്റെ മൊത്തമായ ആരോഗ്യവും സ്ഥിരതയുമാണ് നശിപ്പിക്കുന്നത്.

ആദ്യം കേവലം രസത്തിനുപയോഗിക്കുന്ന ലഹരിമരുന്നുകൾ കവർന്നെടുക്കുന്നത് ജീവിതത്തിന്റെ സർവ്വ വർണ്ണങ്ങളെയുമാണ്. ഒരിക്കൽ ഉപയോഗിച്ചാൽ വീണ്ടും ഉപയോഗിക്കാനുള്ള തോന്നലുണ്ടാവുക സാധാരണമാണ്. ക്രമേണ ജീവിതംതന്നെ ലഹരിമരുന്നിനെ ആശ്രയിച്ചാകും. ലഹരിമരുന്ന് കിട്ടാൻ എന്തും ചെയ്യും എന്ന അവസ്ഥവരെയെത്തും. ഒടുവിൽ പൂർണ്ണ അടിമത്തത്തിന്റെ നീരാളിപ്പിടുത്തമാകും പാടേ തകർന്നുപോകുന്ന ആരോഗ്യനില. വേറെ കൂട്ടുകാർ ഉപയോഗിക്കുന്നത് കണ്ടോ പ്രലോഭനങ്ങളിൽ വഴങ്ങിയോ ആണ് പലരും ലഹരിമരുന്ന് ഉപയോഗം തുടങ്ങുന്നത്.

### ലഹരിമരുന്നുകൾ പല വിഭാഗം

ലഹരിമരുന്നുകളെ വിവിധ വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ചില പ്രധാന വിഭാഗങ്ങൾ ഇവയാണ്.

### സ്റ്റിമുലെന്റ്സ്

കൊക്കെയ്ൻ, ആംഫിറ്റമിൻ, കഫീൻ തുടങ്ങിയവയെല്ലാം ഈ വിഭാഗത്തിൽപെടുന്നു. ഉപയോഗം നിർത്തണമെന്ന് ശക്തിയായ ആഗ്രഹമുണ്ടെങ്കിൽ ഇവയിൽനിന്ന് മോചനം സാധ്യമാണ്. സ്റ്റിമുലെന്റ്സിന്റെ ഉപവിഭാഗമായ സിന്തറ്റിക് സ്റ്റിമുലെന്റ്സ്സിൽ കീറ്റമിൻ, മാൻഡ്രക്സ്, സ്റ്റിറോയ്ഡ് ഗുളികകൾ തുടങ്ങിയവ ഉൾപ്പെടുന്നു.

### ആങ്ങ്സിയോളൈറ്റിക്സ്-ഹിപ്നോട്ടിക്സ്

ഉറക്കഗുളികകളുടെ വിഭാഗമായ ഈ ഇനത്തിൽപെടുന്ന ഡയസിപാം, നൈട്രാസിപാം, ആൽപ്രസോളാം, ലോറാസിപാം, ക്ലോർഡയാസിപ്പോക്ലൈഡ് എന്നിവ ഈ വിഭാഗത്തിൽപെടുന്നു. ചികിത്സയും മോചനവും വേണമെന്ന ആഗ്രഹമുണ്ടെങ്കിൽ ഇവയുടെ അടിമത്തത്തിൽനിന്നും രക്ഷപ്പെടാവുന്നതാണ്.

### ഡിപ്രസന്റ്സ്

കറുപ്പും അതിൽനിന്ന് വേർതിരിച്ചെടുക്കുന്ന ഓപിയോഡ്സ് ഈ വിഭാഗത്തിൽപെടുന്നു. ബ്രൗൺഷുഗർ, ഹെറോയിൻ, മോർഫിൻ, പെത്തഡിൻ, ബ്യൂപ്രിനോർഫിൻ, മെപ്പരിഡിൻ, പെന്റാസോസിൻ, ജെക്സ്ട്രോപ്രപ്പാക്സിഫീൻ എന്നിവയെല്ലാം ഈ വിഭാഗത്തിൽപെടുന്നു. ഇതിൽ ഒട്ടുമിക്കവയും പല ശാരീരികരോഗങ്ങളുടെയും ചികിത്സയ്ക്കായി ഉപയോഗിക്കുന്നവയാണ്. എന്നാൽ ഇവയെ ഒട്ടേറെപ്പേർ ദുരുപയോഗപ്പെടുത്തുന്നു. ഈ വിഭാഗത്തിൽപ്പെട്ട ലഹരിമരുന്നുകൾക്ക് അടിമപ്പെട്ടാൽ സാധാരണ ജീവിതത്തിലേക്ക് തിരിച്ചുവരിക ദുഷ്കരമാണ്.

**കഞ്ചാവ്**

കഞ്ചാവിന്റെ വിവിധ രൂപങ്ങളായ ചരസ്, ഭാംഗ്, മരിജുവാന, ഹാഷിഷ് മുതലായവയാണ് ഈ വകുപ്പിൽ പെടുന്നത്.

**ഹാലുസിനോജൻസ്**

മയക്കുമരുന്നുകളിൽ അതിമാരകമാണ് ഈ വിഭാഗം. എൽ.എസ്.ഡി., സിലോസൈബിൻ, മെസ്കാലിൻ എന്നിവ ഈ വിഭാഗത്തിൽപെടുന്നു. മതിഭ്രമമുണ്ടാക്കുന്ന ഈ വസ്തുക്കൾ ഭീകരമായ പ്രത്യാഘാതങ്ങളാണ് വരുത്തിവെക്കുക.

**ഇൻഹലന്റ്സ്**

പെയിന്റ്, തിന്നർ, പെട്രോൾ, ഡീസൽ, നെയിൻപോളിഷ്, ഗ്യാസ്, പശ, എയ്റോസോൾ മുതലായവ തുടർച്ചയായി ശ്വസിച്ച് ലഹരിക്കടിമപ്പെടുന്നവരാണ് ഈ വിഭാഗത്തിൽ വരുന്നത്. കുട്ടികളും ചെറുപ്പക്കാരുമാണ് കൂടുതലായും ഇത്തരം ലഹരിക്ക് അടിമപ്പെടുന്നത്. ചെലവ് കുറവും കിട്ടാൻ എളുപ്പവുമായ ഇത്തരം ലഹരിപദാർത്ഥങ്ങൾ തലച്ചോറിന് ഗുരുതരമായ തകരാറുകൾ ഉണ്ടാക്കുന്നു.

**പുകയില വിഭാഗം**

മുറുക്ക്, സിഗരറ്റ്, ബീഡി എന്നിവയും ലഹരിയുണ്ടാക്കുന്ന വസ്തുക്കളിൽപെടുന്നു. സമീപകാലങ്ങളിൽ പ്രത്യേകിച്ചും ചെറുപ്പക്കാരിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന ഹാൻസ്, മധു എന്ന പേരിലെല്ലാം അറിയപ്പെടുന്ന (വായിൽ കീഴ്ച്ചുണ്ടിനും പല്ലിനും ഇടയിൽ വെക്കുന്ന) പുകയിലപ്പൊടിയുടെ ഉപയോഗം ലഹരിശീലനത്തിനു പുറമേ വായിൽ അർബുദരോഗം വരാനുള്ള സാധ്യതയും വർദ്ധിപ്പിക്കുന്നു.

**ലഹരിമരുന്നിലെ മായങ്ങൾ**

ലഹരിമരുന്നുകളിൽ അതിനെക്കാൾ മാരകമായ വസ്തുക്കൾ ചേർക്കുന്നത് ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഗ്ലാസ് പൊടി, കൊതുകുതിരി കത്തിച്ചതിന്റെ ചാരം, ബാറ്ററി, ഉറക്കഗുളികകൾ പൊടിച്ചത്, പലതരം വിഷപദാർത്ഥങ്ങൾ, പാത്രം കഴുകാനും നിലം കഴുകാനുമുള്ള രാസവസ്തുക്കൾ എന്നിവയൊക്കെയാണ് ഇങ്ങനെ ലഹരിമരുന്നിൽ കലർത്തുന്നത്. ഇതു കുത്തിവെക്കുമ്പോഴും കഴിക്കുമ്പോഴും മാരകമായ രാസവസ്തുക്കൾ രക്തത്തിൽ കലർന്ന് മരണംവരെ സംഭവിക്കുന്നു.

**ബ്രൗൺഷുഗർ**

മയക്കുമരുന്നുകളിൽ ഏറ്റവും മാരകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നത് ബ്രൗൺഷുഗറാണ്. സമൂഹത്തിന്റെ നട്ടെല്ലായ യുവതലമുറയാണ് ബ്രൗൺഷുഗറിന് അടിമപ്പെടുന്നത്. പണ്ടെല്ലാം വൻനഗരങ്ങളിലും കോളേജുകളിലും മാത്രമാണ് ഇതിന്റെ ഉപയോഗം ഉണ്ടായിരുന്നതെങ്കിൽ ഇന്നിത് ചെറിയ നഗരങ്ങളിലേക്കും സ്കൂളുകളിലേക്കും വ്യാപിച്ചിരിക്കുന്നു. സമീപകാലങ്ങളിൽ മയക്കുമരുന്നിന്റെ ഉപയോഗം യുവതികളിലേക്കും പടർന്നിട്ടുണ്ട്.

**ഒരിക്കൽ ഉപയോഗിച്ചാൽ**

ഒറ്റപ്രാവശ്യം ഉപയോഗിച്ചാൽതന്നെ വ്യക്തി അതിനടിമപ്പെട്ടുപോകുന്നു എന്നതാണ് ബ്രൗൺഷുഗറിന്റെ പ്രത്യേകത. അതുകൊണ്ടുതന്നെ ഒരു പരീക്ഷണം എന്ന നിലയ്ക്കുള്ള അതിന്റെ ആദ്യ ഉപയോഗംതന്നെ ഒഴിവാക്കുക എന്നതാണ് ബ്രൗൺഷുഗറിനടിമപ്പെടാതിരിക്കാനുള്ള പ്രതിരോധമാർഗ്ഗം. മയക്കുമരുന്നുപയോഗിക്കുന്ന കൂട്ടുകാരിൽനിന്നുള്ള

പ്രേരണയാണ് മിക്കവാറും പേരെ ഇതിനടിമയാക്കുന്നത്. സിനിമ, വിദേശ ടിവി ചാനലുകൾ, പാശ്ചാത്യസംഗീതം എന്നീ മാധ്യമങ്ങളുടെ സ്വാധീനവും മയക്കുമരുന്നിനടിമപ്പെടാനുള്ള സാഹചര്യമൊരുക്കുന്നു. പലവിധ കുടുംബപ്രശ്നങ്ങൾ ഉള്ളവരും മാനസികാസ്വാസ്ഥ്യം അനുഭവിക്കുന്നവരും സ്വയംചികിത്സ എന്ന നിലയിൽ മയക്കുമരുന്ന് ഉപയോഗിക്കുന്നതായി കണ്ടിട്ടുണ്ട്.

ബ്രൗൺഷുഗറിന് അടിമപ്പെട്ട രോഗിക്ക് ലഹരി ലഭിക്കുന്നതിന് ഉപയോഗിക്കുന്ന സാധനത്തിന്റെ അളവ് പടിപടിയായി കൂട്ടേണ്ടിവരുന്നു. ടോളറൻസ് എന്നാണ് ഇതിനെ പറയുന്നത്. മാത്രമല്ല, സ്ഥിരമായി ഉപയോഗിക്കുന്ന വ്യക്തിക്ക് ദിവസവും അതേ സമയത്തുതന്നെ ബ്രൗൺഷുഗർ കിട്ടിയില്ലെങ്കിൽ പലവിധത്തിലുള്ള മാനസിക ശാരീരിക അസ്വാസ്ഥ്യങ്ങൾ ഉണ്ടാകും. വിത്ത്ഡ്രോവൽ സിംപ്ടംസ് എന്നാണ് ഇതിനെ പറയുന്നത്. മൂക്കിൽനിന്നും വെള്ളം വരുക, കണ്ണീർ പൊടിയുക, പേശികൾ വേദനിക്കുക, കോട്ടുവായിടുക, ഛർദ്ധി, വയറിളക്കം, കുറിൽ, പനി, ഉറക്കമില്ലായ്മ, ദേഷ്യം, അപസ്മാരം എന്നിവയാണ് ബ്രൗൺഷുഗർ നിർത്തുമ്പോൾ ഉണ്ടാകുന്ന പ്രധാന പ്രശ്നങ്ങൾ. ഈ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി രോഗി ഏതു വിധത്തിലെങ്കിലും ബ്രൗൺഷുഗർ സംഘടിപ്പിച്ച് ഉപയോഗിക്കുന്നു.

വളരെ വിലയേറിയതും കിട്ടാൻ പ്രയാസമുള്ളതുമായ മയക്കുമരുന്ന് സംഘടിപ്പിക്കാനായി രോഗി കളവ്, കൊലപാതകം, കള്ളക്കടത്ത്, മയക്കുമരുന്നുകച്ചവടം എന്നിവയിലേർപ്പെടുന്നു. മയക്കുമരുന്നുപയോഗത്തിനുള്ള ഏറ്റവും ചുരുങ്ങിയ ശിക്ഷ ആറു മാസം വരെ ജാമ്യം ലഭിക്കാത്ത ജയിൽവാസമാണെന്ന് പലർക്കും അറിയില്ല. മയക്കുമരുന്നിനോടുള്ള അടിമത്തംമൂലം അത് സംഘടിപ്പിക്കാനുള്ള ത്വരയാണ് പലപ്പോഴും യുവതീയുവാക്കളെ പെൺവാണിഭത്തിലേക്കും മറ്റ് അസന്മാർഗ്ഗിക പ്രവർത്തികളിലേക്കും നയിക്കുന്നത്. ഇത്തരം കാരണങ്ങൾകൊണ്ടുതന്നെ മയക്കുമരുന്നിനടിമപ്പെട്ട വ്യക്തി സാമ്പത്തിക തകർച്ചയിലും കടത്തിന്റെ ഊരാക്കുടുക്കിലും പെട്ട് ഉഴലുന്നു.

മയക്കുമരുന്നിന്റെ ഉപയോഗം രോഗിയുടെ കുടുംബത്തിലും പലവിധ പ്രശ്നങ്ങൾ ഉണ്ടാക്കാം. രോഗിയ്ക്ക് കുടുംബനാഥൻ, ഭർത്താവ്, കുഞ്ഞുങ്ങളുടെ അച്ഛൻ തുടങ്ങിയ ഉത്തരവാദിത്വങ്ങളോട് നീതിപുലർത്താൻ കഴിയില്ല. കുടുംബബന്ധങ്ങളുടെ തകർച്ചയിലും വിവാഹമോചനത്തിലും കൂടപ്പിറപ്പുകളുടെ ആത്മഹത്യയിലും ഇത് കലാശിച്ചേക്കാം. മയക്കുമരുന്നിനടിമപ്പെട്ട വ്യക്തിയ്ക്ക് എല്ലാ ദിവസവും ജോലിക്ക് പോകാനോ ജോലിയിൽ ശ്രദ്ധിക്കുവാനോ തന്റെ കഴിവുകൾ ശരിക്ക് ഉപയോഗിക്കാനോ കഴിയുകയില്ല. ഇത് പിരിച്ചുവിടലിലോ സസ്പെൻഷനിലോ അവസാനിക്കുന്നു. തുടർന്നുണ്ടാകുന്ന മാനസികസംഘർഷം മയക്കുമരുന്ന് വാങ്ങാൻ സാധിക്കാതെ വരുമ്പോൾ രോഗി ഏതു ഹീനകൃത്യവും ചെയ്തേക്കാം. ഇത് അയാളെ ഒരു ക്രിമിനലാക്കി മാറ്റുകയും ചെയ്യും.

വിഷാദരോഗം, ഉന്മാദരോഗം, സ്കിസോഫ്രീനിയ, സംശയരോഗം തുടങ്ങിയ പലതരത്തിലുള്ള മാനസികരോഗങ്ങളും ബ്രൗൺഷുഗറിന്റെ ഉപയോഗംമൂലം ഉണ്ടാകാം. നിർഭാഗ്യവശാൽ സാധാരണ മാനസികരോഗങ്ങളെ അപേക്ഷിച്ച് ബ്രൗൺഷുഗർമൂലം ഉണ്ടാകുന്ന മാനസികരോഗങ്ങൾ ഫലപ്രദമായി ചികിത്സിക്കുക ബുദ്ധിമുട്ടാണ്. ഇതുകൊണ്ടുതന്നെ മയക്കുമരുന്നിനടിമപ്പെട്ട രോഗികളിൽ ഗണ്യമായ ഒരു വിഭാഗം ആത്മഹത്യയിൽ അഭയം തേടുന്നു.

ബ്രൗൺഷുഗറിന്റെ ഉപയോഗംമൂലം ഉണ്ടാകാവുന്ന ശാരീരികരോഗങ്ങൾ നിരവധിയാണ്. ബ്രൗൺഷുഗർ ഞരമ്പിലേക്ക് കുത്തിവെക്കുന്നതുമൂലം എച്ച്.ഐ.വി., ഹെപ്പറ്റൈറ്റിസ് ബി, എയർ എംബോളിസം, ഹൃദയത്തിന്റെ വാൽവുകളിൽ പഴുപ്പ് എന്നിവ ഉണ്ടാകു

ന്നു. ബ്രൗൺഷുഗർ ഞരമ്പിലേക്ക് കുത്തിവെക്കുന്ന 50 ശതമാനം പേർക്കും എച്ച്.ഐ.വി. അണുബാധയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. അമിത അളവിൽ ബ്രൗൺഷുഗർ ഞരമ്പിൽ കുത്തിവെക്കുന്നതുമൂലം ഹൃദയം, ശ്വാസകോശം എന്നിവയുടെ പ്രവർത്തനം പൊടുന്നനേ നിലച്ച് മരണം ഉണ്ടാകാം.

ബ്രൗൺഷുഗർ കത്തിച്ച് പുക മൂക്കിൽക്കൂടി എടുക്കുന്നവർക്ക് മണം പിടിച്ചെടുക്കാനുള്ള കഴിവ് നഷ്ടപ്പെടുകയും രണ്ടു മൂക്കുകളുടെയും ഇടയിലുള്ള ഭിത്തിയിൽ സുഷിരങ്ങൾ വീഴുകയും പലവിധ ശ്വാസകോശരോഗങ്ങൾ പിടിപെടുകയും ചെയ്യുന്നു.

കറുപ്പ് (മോർഫിൻ), പെത്തഡിൻ മുതലായവയുടെയും പ്രവർത്തനം ബ്രൗൺഷുഗറിന്റേതുപോലെയാണ്. ഇവയെല്ലാം ഒരു വകുപ്പിൽപെടുന്ന വസ്തുക്കളാണ്. അതുകൊണ്ട്, ഇവ നിർത്തുമ്പോഴുള്ള വിത്ത്ഡ്രോവൽ ലക്ഷണങ്ങളും ഏതാണ്ട് ഒരുപോലെയാകും.

## ചികിത്സ

ബ്രൗൺഷുഗറിൽനിന്ന് രക്ഷപ്പെടണമെന്ന ആത്മാർത്ഥമായ ആഗ്രഹം രോഗിക്കുണ്ടെങ്കിലേ ചികിത്സകൊണ്ട് പ്രയോജനമുള്ളൂ. ആശുപത്രിയിൽ കിടത്തിയുള്ള ചികിത്സ ആവശ്യമായി വരും. സൈക്യാട്രിസ്റ്റ്, സൈക്കോളജിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ, ഒക്യുപ്പേഷണൽ തെറാപ്പിസ്റ്റ് എന്നിവരടങ്ങിയ ഒരു ടീമിന്റെ സമഗ്രമായ ചികിത്സയാണ് അഭികാമ്യം.

മയക്കുമരുന്ന് പെട്ടെന്ന് നിർത്തുമ്പോൾ ഉണ്ടാകാവുന്ന ശാരീരിക-മാനസിക പ്രശ്നങ്ങൾ കഴിവതും ഫലപ്രദമായ മരുന്നുകൾ ഉപയോഗിച്ച് കുറയ്ക്കുക എന്നതാണ് ചികിത്സയുടെ ആദ്യപടി (ഡി-ടോസ്കിഫിക്കേഷൻ). മയക്കുമരുന്നിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് ബോധവത്കരിച്ച് രോഗിയെ അതിൽനിന്ന് പിന്തിരിപ്പിക്കാൻ ശാരീരികവും മാനസികവുമായി തയ്യാറാക്കുക എന്നതാണ് ഡി-അഡിക്ഷൻ ചികിത്സകൊണ്ട് ഉദ്ദേശിക്കുന്നത്. മയക്കുമരുന്ന് ഉപയോഗിക്കാനുള്ള കാരണങ്ങളും സാഹചര്യങ്ങളും കണ്ടെത്തി അവ വിശകലനം ചെയ്ത് വ്യക്തിയെ അത്തരം സാഹചര്യങ്ങളിൽ സ്വയം നിയന്ത്രിക്കാൻ പഠിപ്പിക്കലാണ് ഡി-അഡിക്ഷൻ ചികിത്സയിലെ ഒരു പ്രധാന കാര്യം. മയക്കുമരുന്നിനോടുള്ള ആസക്തി കുറയ്ക്കുന്നതിനും കഴിച്ചാൽ ഉണ്ടാകുന്ന ലഹരി കുറയ്ക്കുന്നതിനും ഫലപ്രദമായ മരുന്നുകൾ ഇന്നു ലഭ്യമാണ്.

## പുനരധിവാസം

ഇതിനു പുറമേ മയക്കമരുന്നിനടിമപ്പെട്ട വ്യക്തിയെ സാധാരണ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരുന്നതിന് റീഹാബിലിറ്റേഷൻ അഥവാ പുനരധിവാസചികിത്സയും വേണ്ടിവരും. മയക്കുമരുന്നില്ലാത്ത ജീവിതത്തിലേക്ക് അവർ തിരിച്ചുവരുമ്പോൾ നേരിടേണ്ടിവരുന്ന പ്രതിബന്ധങ്ങളും പ്രയാസങ്ങളും തരണം ചെയ്യാൻ ലഹരിവിമുക്തി നേടിയ രോഗികൾ ചേർന്നുണ്ടാക്കുന്ന സ്വയംസഹായ സംഘടനകൾ (സെൽഫി ഹെൽപ്പ് ഗ്രൂപ്പ്) സഹായിക്കുന്നു. ഡോക്ടർ നിർദ്ദേശിക്കുന്ന ചികിത്സാരീതി അതുപോലെ അനുസരിക്കുകയും കൃത്യമായി ഡോക്ടറെ കണ്ട് പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പരിഹാരനിർദ്ദേശങ്ങൾ പാലിക്കുകയും ചെയ്താൽ മയക്കുമരുന്നിനോടുള്ള അടിമത്തം, അത് എത്ര മൂർച്ഛിച്ചതാണെങ്കിലും മാറ്റിയെടുക്കാവുന്നതേയുള്ളു.